നമ്പർ.സി5/03/2018/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം., തീയതി.23/03/2018.
ഫോൺ : 0471-2580514
e-mail: csectiondpi@gmail.com

# സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - പൊതുവിദ്യാഭ്യാസ വകുപ്പിലെ ജൂനിയർ സൂപ്രണ്ട്/നൂൺമീൽ ഓഫീസർ/സ്റ്റോർ കീപ്പർ തസ്തികയിൽ 2018 വർഷത്തിലെ പൊതുസ്ഥലംമാറ്റം - അപേക്ഷകൾ ക്ഷണിച്ചു കൊണ്ടുള്ള സർക്കുലർ പുറപ്പെടുവിക്കുന്നു

പരാമർശം : ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ-14) വകുപ്പിൽ നിന്നുള്ള 25/02/2017-ലെ സ.ഉ.(പി)3/2017/ഉ.ഭ.പ.വ നമ്പർ ഉത്തരവ്

പൊതുവിദ്യാഭ്യാസ വകുപ്പിലെ ജൂനിയർ സൂപ്രണ്ട്/നൂൺമീൽ ആഫീസർ/ സ്റ്റോർ കീപ്പർ തസ്തികയിലെ ജീവനക്കാർക്ക് 2018 വർഷത്തിൽ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. ടി അപേക്ഷകൾ ഇതോടൊന്നിച്ച് ചേർത്തിട്ടുള്ള നിർദിഷ്ട ഫോറത്തിൽ തയ്യാറാക്കി ചുവടെ ചേർത്തിരിക്കുന്ന മാർഗനിർദേശങ്ങൾക്ക് വിധേയമായി ഡയറക്ടറേറ്റിൽ നൽകാവുന്നതാണ്.

1. സ്ഥലംമാറ്റം ആഗ്രഹിക്കുന്ന ജീവനക്കാർ ഓഫീസുകളുടെ പേര് (പരമാവധി 5 എണ്ണം) മുൻഗണനാ ക്രമത്തിൽ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷയിൽ പരാമർശിച്ചിട്ടുള്ള ഓപ്ഷനുകളിൽ പിന്നീടുള്ള മാറ്റം അനുവദിക്കുന്നതല്ല. എന്നാൽ, ഹയർ ഓപ്ഷൻ നൽകിയ സ്ഥലങ്ങൾ രേഖാമൂലം ക്യാൻസൽ ചെയ്യാവുന്നതാണ്.

2. മൂന്നു വർഷത്തിൽ കൂടുതൽ ഒരേ സ്ഥലത്ത് ജോലി ചെയ്യുന്നവരുടെ സ്ഥാനത്തേക്ക് മറ്റ് അപേക്ഷകർ (മറ്റൊരു സ്റ്റേഷനിൽ മൂന്നു വർഷം പൂർത്തീകരിച്ച അപേക്ഷകർ) ഉണ്ടെങ്കിൽ ടി വ്യക്തി അപേക്ഷ നൽകിയിട്ടില്ലെങ്കിൽ പോലും പ്രസ്തുത സ്ഥാനത്തേക്കുള്ള അപേക്ഷ പരിഗണിക്കുന്നതാണ്.

3. അപേക്ഷകരിൽ സർവീസിൽ നിന്നും വിരമിക്കാൻ രണ്ടു വർഷം മാത്രമുള്ള ജീവനക്കാർക്ക് സ്ഥലംമാറ്റത്തിനായി മുൻഗണന ലഭിക്കുന്നതാണ്.

4. സ്ഥലംമാറ്റ അപേക്ഷയിൽ സ്വന്തം ജില്ലയിൽ (ഹോം സ്റ്റേഷൻ) ഒഴിവില്ലാത്തപക്ഷം അപേക്ഷകന് തന്റെ തൊട്ടടുത്ത ജില്ലയിൽ സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. എന്നാൽ പ്രസ്തുത ജില്ലയിലെ അപേക്ഷകരിൽ ആ ജില്ലക്കാർക്കായിരിക്കും ആദ്യമുൻഗണന. ജീവനക്കാരൻ സർവീസിൽ പ്രവേശിച്ച സമയത്ത് ഓപ്റ്റ് ചെയ്തതോ അല്ലെങ്കിൽ അപേക്ഷ നൽകി പിന്നീട് നിയമപരമായി മാറ്റി നൽകിയതിനെയാണ് സ്വന്തം ജില്ല എന്ന് ഉദ്ദേശിക്കുന്നത്.

5. ജീവനക്കാരൻ ഒന്നിലധികം സ്ഥലംമാറ്റ അപേക്ഷ സമർപ്പിക്കുവാൻ പാടുള്ളതല്ല.

6. പരാമർശത്തിലെ ഉത്തരവ് പ്രകാരം പ്രത്യേക അനുകമ്പാർഹ കാരണങ്ങളാൽ പരിഗണന അർഹിക്കുന്ന ജീവനക്കാരൻ അനുബന്ധ രേഖകളുടെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

7. സ്ഥലംമാറ്റത്തിനും നിയമനത്തിനും പ്രത്യേക മുൻഗണനക്ക് അർഹതയുള്ള ജീവനക്കാർ (പ്രഥമ ഗണനീയമോ പരിരക്ഷിക്കപ്പെട്ടവരോ ആയ വിഭാഗങ്ങൾ) സമർപ്പിക്കുന്ന അപേക്ഷയിൽ പ്രത്യേക പരിഗണന ലഭിക്കുന്നതിനുള്ള ആധികാരികമായ രേഖകളുടെ പകർപ്പ് ഓഫീസ് മേധാവി സൂക്ഷ്മ പരിശോധന നടത്തി കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്. മുൻഗണന ലഭിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ലായെങ്കിൽ മുൻഗണന നൽകുന്നതിന് പരിഗണിക്കുന്നതല്ല.

8. ദീർഘകാല അവധിയിൽ നിൽക്കുന്നവർക്കും അന്യത്ര സേവനത്തിൽ തുടരുന്നവർക്കും അപേക്ഷ സമർപ്പിക്കാവുന്നതല്ല.

9. മ്യൂച്ചൽ ട്രാൻസ്ഫർ അപേക്ഷ അനുവദനീയമല്ല.

10. സ്ഥലംമാറ്റം ലഭിക്കുവാൻ അപേക്ഷയിൽ യാതൊരു മാറ്റവും വരുത്താതെ ജീവനക്കാരൻ അപേക്ഷ പൂരിപ്പിച്ച് ഓഫീസ് മേധാവിക്ക് സമർപ്പിക്കുകയും ഓഫീസ് മേധാവി സേവന പുസ്തകവുമായി ഒത്തു നോക്കി സേവന വിവരങ്ങൾ ശരിയാണെന്ന് അപേക്ഷയിൽ സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് 10/04/2018-നകം നൽകേണ്ടതാണ്. വിദ്യാഭ്യാസ ഉപഡയറക്ടർമാർ ടി അപേക്ഷ ശുപാർശ ചെയ്ത് മേലൊപ്പ് ചാർത്തി 16/04/2018-നകം പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നൽകേണ്ടതാണ്. സേവന വിവരങ്ങൾ തെറ്റായി നൽകിയാൽ ആയതിന്റെ ഉത്തരവാദിത്തം ഓഫീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

11. നിശ്ചിത തീയതിക്കു ശേഷം ലഭിക്കുന്നതും അപൂർണവും വിദ്യാഭ്യാസ ഉപഡയറക്ടറുടെ ശുപാർശ യില്ലാത്തതും ജീവനക്കാരൻ സ്വയം നേരിട്ട് സമർപ്പിക്കുന്നതുമായ അപേക്ഷകൾ പൊതുസ്ഥലം മാറ്റത്തിന് പരിഗണിക്കുന്നതല്ല.

12. മേൽ പറഞ്ഞ നടപടിക്രമം പാലിച്ച് വേണം ജീവനക്കാർ ട്രാൻസ്ഫറിന് അപേക്ഷ ഡയറക്ടറേറ്റിൽ നൽകേണ്ടത്.

13. ഹെഡ്ക്വാർട്ടേഴ്സ് യൂണിറ്റിലെ ജീവനക്കാർ (തിരുവനന്തപുരം ടെക്സ്റ്റ്ബുക്ക് ഓഫീസ്, പരീക്ഷാ ഭവൻ) അപേക്ഷ ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തി, നേരിട്ട് ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്.

14. പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട ഉത്തരവ് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് *www.education.kerala.gov.in* മുഖാന്തിരം പ്രസിദ്ധീകരിക്കുന്നതാണ്.

(ഒപ്പ്)
**വി. അനിൽകുമാർ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (അധിക ചുമതല)**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

പകർപ്പ്:

1. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ എല്ലാ സൂപ്രണ്ടുമാർക്കും
2. ടെക്സ്റ്റ്ബുക്ക് ഓഫീസർ, തിരുവനന്തപുരം
3. ജോയിന്റ് കമ്മീഷണർ, പരീക്ഷാ ഭവൻ, തിരുവനന്തപുരം.
4. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
5. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
6. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
7. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
8. "സി4" സെക്ഷൻ (ഡയറക്ടറേറ്റിലെ ജീവനക്കാർ ട്രാൻസ്ഫറിനുള്ള അപേക്ഷ പൂരിപ്പിച്ച് "സി4" സെക്ഷനിൽ നൽകാവുന്നതാണ്.
9. വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കെ.ഐ.റ്റി.ഇ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരി ക്കുന്നതിനു വേണ്ടി)

// അംഗീകാരത്തോടെ //

**സൂപ്രണ്ട്**

**APPLICATION FOR GENERALTRANSFER – 2018 IN THE CADRE OF JUNIOR SUPERINTENDENTS/ NOON MEAL OFFICER/ STORE KEEPER**

| | | |
|---|---|---|
| 1 | Name of the Applicant | |
| 2 | Permanent Employee Number | |
| 3 | Designation | |
| 4 | Senior Clerk Rank No. with year | |
| 5 | Name of Office/ Station with District | |
| 6 | Home District (District and place) | |
| 7 | Permanent Residential Address | |
| 8 | Contact Details (Mob. No.) | |
| 9 | Age and Date of Birth | |
| 10 | Date of Retirement<br>(in red ink) | |
| 11 | Order No. & Date of appointment in the present post | |
| 12 | Date from which working in the present station / office | |
| 13 | District to which transfer required | |
| 14 | Reason for transfer request | |
| 15 | If the transfer request is on compassionate ground (give details with evidence) | |
| 16 | Whether belongs to preferential categories (give details with evidence) | |
| 17 | Name of the offices to which transfer is required (in the order of Preference) | 1<br>2<br>3<br>4<br>5 |
| 18 | If the transfer to the above office is not possible whether willing to get transfer to any other offices within the home district or nearby district (Yes/No) | |
| 19 | Remarks | |

**Certificate by the Applicant**

I Sri./Smt………………………………………….. do hereby declare that the particulars given above are true to the best of my knowledge and belief.

Place — Name

Date — Signature of the Applicant

**Certificate by the Controlling Officer**

Certified that the above details of Sri./Smt…………………………………… have been verified with his or her Service Book, other relevant records and found correct. I hereby declare that I will be personally responsible if the information provided are found to be incorrect.

Place — Signature, Name and

Date — Designation of the Controlling Officer

**For office use**

Recommended/Not Recommended due to ………………………………………………

Date

Name & Signature

Deputy Director of Education

(Office seal)